## 32

# “പിതാവേ, നാഴിക വന്നിരിക്കുന്നു”

## (17:1- 26)

*താഴെ കൊടുത്തിരിക്കുന്ന പാഠം തന്നെ പ്രത്യേകമായ ആരാധനാ ശുശ്രൂഷയായി എടുത്തു അഞ്ചുഭാഗങ്ങളായി തിരിച്ചു, പാട്ടുകളും പ്രാർത്ഥനകളും ഉൾപ്പെടുത്താം. ഇതു വിശേഷിച്ചു വേദഭാഗം തന്നെ പ്രാർത്ഥനക്കു എടുക്കുന്നതും ഉചിതമായിരിക്കും.*

---

സന്ദേശം 1 – നിങ്ങൾ എന്തു പ്രാർത്ഥിക്കും?
വേദവായന: യോഹന്നാൻ 17
പാട്ട്: **“സ്തുതിക്കു യോഗ്യൻ”**

സന്ദേശം 2 – **“നിന്റെ പുത്രനെ മഹത്വപ്പെടുത്തേണമേ”**
പാട്ട്: **“നിന്റെ നാമം മഹത്വപ്പെടേണമേ”**
പ്രാർത്ഥന

സന്ദേശം 3 – **“ഞാൻ അവർക്കുവേണ്ടി അപേക്ഷിക്കുന്നു”**
പാട്ട്: **“പരീക്ഷണ സമയങ്ങളിൽ”**

സന്ദേശം 4 – **“അവരെല്ലാം ഒന്നാകണമേ”**
പാട്ട്: **“അനുഗ്രഹിക്കേണമിപ്പോൾ” (ഖണ്ഡിക 1–4)**
കർത്തൃമേശ
പാട്ട്: **“അനുഗ്രഹിക്കേണമിപ്പോൾ” (ഖണ്ഡിക 5, 6)**
ധർമ്മശേഖരം

സന്ദേശം 5 – **“ഞാൻ നിന്റെ നാമത്തെ അറിയിക്കും” (ക്ഷണം)**
പാട്ട്: **“അതെ, എനിക്കായി കരുതുന്നവൻ”**
പാട്ട്: **“അതിശയമായ് നില്ക്കുന്നു ഞാൻ”**
അവസാന പ്രാർത്ഥന

## നിങ്ങൾ എന്തു പ്രാർത്ഥിക്കും?

നിങ്ങൾ വലിയ സംഘർഷത്തിലാണെങ്കിൽ, നിങ്ങൾ എന്താണ് പ്രാർത്ഥിക്കുക? നിങ്ങൾ നാളെ മരിക്കും എന്നറിഞ്ഞാൽ നിങ്ങൾ എന്തു പ്രാർത്ഥിക്കും? നിങ്ങളുടെ അടുത്ത സ്നേഹിതൻ നിങ്ങളെ വിഷമിപ്പിച്ചു എന്നു വിചാരിക്കുക. നിങ്ങൾ എന്തു പ്രാർത്ഥിക്കും? നിങ്ങളുടെ സ്വന്തംവീട്ടുകാരാൽ നിങ്ങൾ തെറ്റിദ്ധരിക്കപ്പെട്ടാൽ, നിങ്ങൾ എന്തു പ്രാർത്ഥിക്കും? നിങ്ങളെ പിടിച്ചു, വിചാരണചെയ്യുകയും, മരണശിക്ഷക്കു വിധിക്കുവാനുമിരിക്കുന്നു, നിങ്ങൾ എന്തു പ്രാർത്ഥിക്കും?

വേദനയും പിരിമുറുക്കവും നമ്മെ നമ്മിലേക്കുതന്നെ - ഒതുങ്ങുവാൻ പ്രേരിപ്പിക്കുന്നു. നാം ഉപദ്രവിക്കപ്പെടുകയോ, അല്ലെങ്കിൽ ഭയപ്പെടുകയോ ചെയ്യുമ്പോൾ, മറ്റാരെയെങ്കിലും കുറിച്ചു ചിന്തിക്കുക എളുപ്പമല്ല. അതുകൊണ്ടാണ് യോഹന്നാൻ 17 ലെ യോഹന്നാന്റെ പ്രാർത്ഥന ശ്രദ്ധേയമാകുന്നത്! യേശുവിന്റെ ക്രൂശിലെ മരണത്തിനു തലേന്നു രാത്രി, ശിഷ്യന്മാരുമൊത്തു കർത്തൃമേശ കഴിച്ചതിനും, ഒലിവു മലയിൽ വെച്ചുള്ള അവനെ പിടിക്കലിനും ഇടക്ക് യേശു ഈ പ്രാധാന്യമർഹിക്കുന്ന പ്രാർത്ഥന പ്രാർത്ഥിച്ചു. ചിലർ ഇതിനെ “കർത്താവിന്റെ പ്രാർത്ഥന” എന്നു വിളിക്കാറുണ്ട്.[1] അതു പ്രാർത്ഥനയുടെ ആഴവും ശക്തിയും നിമിത്തം ആണ്. അത് ഓരോ സമയത്തും വായിക്കുമ്പോൾ നമ്മെ അതിശയിപ്പിക്കുന്നു. തന്റെ നിരാശാവേളകളിൽ യേശു നമുക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട്.

## “നിന്റെ പുത്രനെ മഹത്വപ്പെടുത്തേണമേ” (17:1-5)

“പിതാവേ, നാഴിക വന്നിരിക്കുന്നു” എന്നു പറഞ്ഞുകൊണ്ടാണ് യേശു തന്റെ പ്രാർത്ഥന തുടങ്ങിയത് (17:1). ഈ സുവിശേഷത്തിലുട നീളം സമയം ഒരു മുഖ്യ വിഷയമാണ്. തന്റെ അമ്മയോടും സഹോദരന്മാരോടും യേശു പറഞ്ഞു, “എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല,”[2] പക്ഷെ വൈകുന്നേരം ആയപ്പോഴേക്കും, ഈ അദ്ധ്യായത്തിൽ വിവരിക്കുന്നതു സമയമായി എന്നാണ് യേശു പറഞ്ഞത്, “നാഴിക വന്നിരിക്കുന്നു,” അതിന്റെ അർത്ഥം ശിഷ്യന്മാർക്കു മനസ്സിലായില്ല, നിങ്ങൾക്കും എനിക്കും അതു യേശുവിന്റെ ക്രൂശിലെ മരണം അടുത്തിരിക്കുന്നു എന്നതാണ് അർത്ഥമാക്കിയത്. അവൻ ക്രൂശിൽ മരിക്കുവാൻ പോകുന്നു.

“നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിനു പുത്രനെ മഹത്വപ്പെടുത്തേണമേ” എന്നു യേശു പ്രാർത്ഥിച്ചു (17:1). മറ്റു അദ്ധ്യായങ്ങളിലെ പാഠങ്ങളിൽ നിന്നു നാം പഠിച്ചതുപോലെ, മഹത്വം ലോകത്തിൽ പൊതുവിൽ പറയുന്നതു വ്യക്തിപരമായ അഭിലാഷം, നേട്ടം, മാനം, പ്രസിദ്ധി എന്നിവയാണ്. എങ്ങനെയായാലും, യേശുവിൽ നിന്നു പുറപ്പെട്ട “മഹത്വം” എന്നതിന്റെ അർത്ഥം “വിനയമുള്ള സേവനം,” “ത്യാഗം” എന്നിവയാണ്. പിതാവ് അവനെ മുഴുവനായും ഉപയോഗിക്കേണ്ടതിനു അതു ക്രൂശിലെ മരണമാണ് ഉദ്ദേശിക്കുന്നതു എങ്കിലും പ്രാർത്ഥിക്കുകയാണ്. തത്വത്തിൽ യേശു പ്രാർത്ഥിച്ചത്, “പിതാവേ,

ഇപ്പോൾ ഞാൻ തയ്യാറാണ്, ക്രൂശിലേക്കു എന്നെ അയക്കേണമേ!" അവൻ വാസ്തവത്തിൽ അതുപറഞ്ഞ രീതി "പിതാവേ, നീ എന്നെ മഹത്വപ്പെടുത്തേണമേ."

യേശു "മഹത്വം," എന്നു പറഞ്ഞപ്പോൾ അതെന്താണെന്നു അവ നറിയാമായിരുന്നു. "ലോകം ഉണ്ടാകുന്നതിനുമുൻപു" തനിക്കു പിതാ വിനോടൊപ്പം ഉണ്ടായിരുന്ന മഹത്വം അവൻ ഓർമ്മിച്ചു (17:5), പിതാ വിങ്കലേക്കു മടങ്ങിപ്പോകുമ്പോൾ അവന്നു മഹത്വം ലഭിക്കുമെന്നും അവൻ അറിഞ്ഞിരുന്നു. "നിന്റെ പുത്രനെ മഹത്വപ്പെടുത്തേണമേ" എന്നു പ്രാർത്ഥിച്ചപ്പോൾ, യേശുവിന്റെ മനസ്സിൽ സ്വർഗ്ഗവും ക്രൂശും ഉണ്ടായിരുന്നു.

## "അവർക്കുവേണ്ടി ഞാൻ അപേക്ഷിക്കുന്നു"
## (17:6-19)

ആ പ്രാർത്ഥനയിൽ ഈ സമയത്തു, യേശുവിന്റെ ശ്രദ്ധ അപ്പൊ സ്തലന്മാരിലേക്കു തിരിഞ്ഞു. മറ്റു വിഷയങ്ങളേക്കാൾ കൂടുതൽ ശിഷ്യ ന്മാർക്കു വേണ്ടിയാണ് യേശു പ്രാർത്ഥിച്ചത്. ഇവിടെ നാം യേശുവിന്റെ വിസ്മയാവഹമായ കാഴ്ച്ച കാണുന്നത്, അവന്റെ വലിയ പ്രതിസന്ധി ഘട്ടത്തിൽ, തന്റെ കുഴപ്പങ്ങളേക്കാൾ അധികം അവൻ മറ്റുള്ളവരെ കുറിച്ചാണ് കരുതിയത്. താൻ എന്താണ് നേരിടുവാനുള്ളതു എന്നറി ഞ്ഞു, അവൻ അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

പിതാവു യേശുവിന്റെ ശുശ്രൂഷക്കായി ശിഷ്യന്മാരെ നല്കി. യേശു പ്രാർത്ഥിച്ചതുപോലെ അവരെ വീണ്ടും പിതാവിനു ഏല്പിക്കുന്നതായി യേശു പറയുന്നു, പിതാവു ആഗ്രഹിച്ചതെല്ലാം അവൻ അവരെ പഠി പ്പിച്ചശേഷമായിരുന്നു അത്. പിന്നെ അവൻ "അവർക്കുവേണ്ടി അപേ ക്ഷിച്ചു" (17:9), അവരെ കരുതേണ്ടതിനു അവൻ പിതാവിനോടു ആവ ശ്യപ്പെട്ടു, അല്ലെങ്കിൽ, യേശു പറഞ്ഞതുപോലെ, "നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ" (17:11). ഈ പ്രാർത്ഥനയിൽ യേശു മുഖ്യമായും ഉദ്ദേശിച്ചതു ശിഷ്യന്മാർ "ഒന്ന്" ആകുവാനായിരുന്നു. ആദ്യം ആ ഏകത്വ വസ്തു എന്താണെന്നു വ്യക്തമായില്ല, പിന്നീട് വ്യ ക്തമായി ശിഷ്യന്മാരുടെ ഐക്യതയാണ് എന്ന് ("ഒന്ന്") അവർ പര സ്പരം മാത്രമല്ല, അവരും കർത്താവും പിതാവുമായും. "ഏകത്വം" ബൈബിളിലെ മനോഹര ആശയമാണ്, അതു ആരംഭിക്കുന്നതു ആദാ മിൽ നിന്നും ഹവ്വയിൽ നിന്നുമാണ് (ഉല്പത്തി 2:24), ക്രിസ്ത്യാനി കൾ പരസ്പരവും ദൈവവുമായും ഒന്നായിരിക്കണം എന്നും വിവരി ച്ചിരിക്കുന്നു.

അടുത്തതു, യേശു ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ കാര ണം, അവരെ ലോകത്തിൽ വിട്ടിട്ടാണ് പോകുന്നത്. അവന്റെ ശിഷ്യ ന്മാരും ലോകവുമായി വശീകരിക്കുന്ന ബന്ധം പ്രാർത്ഥനയിൽ ഉട നീളം ഉണ്ട്.

> ... നീ ലോകത്തിൽ നിന്നു എനിക്കു തന്നിട്ടുള്ള മനുഷ്യർ ... (വാ ക്യം 6).

... അവരോ ലോകത്തിൽ ഇരിക്കുന്നു, ... (വാക്യം 11).

... ഇതു ലോകത്തിൽ വെച്ചു സംസാരിക്കുന്നു, ... (വാക്യം 13).

... ഞാൻ ലൗകികനല്ലാത്തതുപോലെ, അവരും ലൗകികരല്ല ... (വാക്യം 14).

അവരെ ലോകത്തിൽ നിന്നു എടുക്കേണം എന്നല്ല, ... (വാക്യം 15).

ഞാൻ ലൗകികനല്ലാത്തതുപോലെ, അവരും ... ലൗകികരല്ല (വാക്യം 16).

നീ എന്നെ ലോകത്തിലേക്കു അയച്ചതുപോലെ, അവരേയും ലോകത്തിലേക്കു അയച്ചിരിക്കുന്നു (വാക്യം 18).

അവൻ അവരോടുകൂടെ *ലോകത്തിൽ* ഇല്ല എങ്കിലും, ശിഷ്യന്മാർ *ലോകത്തിൽ* തുടരേണ്ടവരായതുകൊണ്ടും യേശുവിനു അവരെക്കുറിച്ചു വലിയ കരുതൽ ഉണ്ടായിരുന്നു. അവർ *ലോകത്തിൽ* ആണെങ്കിലും, അവർ *ലോകത്തിന്റെ* ഭാഗം അല്ല. അവരുടെ ദൗത്യം നിമിത്തം ആണ്, അവരെ *ലോകത്തിലേക്കു* അയച്ചത്. അവരുടെ ലോകവുമായുള്ള ബന്ധത്തിൽ യേശുവിന്റെ പ്രാർത്ഥന നമ്മെ ഏലിയാവു [1 രാജാക്കന്മാർ 19:4-ൽ] പ്രാർത്ഥിച്ചതു നമ്മെ ഓർപ്പിക്കുന്നു. അവന്റെ ശുശ്രൂഷാവേളയിൽ പ്രത്യേകിച്ച് നിരാശ അനുഭവപ്പെട്ടപ്പോൾ, തന്റെ ജീവനെ ലോകത്തിൽ നിന്നു എടുക്കുവാൻ, അവൻ ദൈവത്തോടു അപേക്ഷിക്കുന്നുണ്ട്. ദൈവം ഏലിയാവിന്റെ അപേക്ഷ നിരസിക്കുകയും, അവനെ ദൈവത്തിന്റെ പ്രവാചകനായി വീണ്ടും പ്രവർത്തിക്കുവാൻ ഉപയോഗിക്കയും ചെയ്യുന്നു.

ശിഷ്യന്മാർക്കുവേണ്ടിയുള്ള യേശുവിന്റെ പ്രാർത്ഥന ഇന്നു നമുക്കു ലോകത്തോടുള്ള ബന്ധത്തെയും വിവരിക്കുന്നതാണ്. നാം *ലോകത്തിൽ* ഉള്ളവരാണെങ്കിലും, നാം *ലോകത്തിന്റെ* ആളുകളല്ല. നമ്മുടെ ലോകത്തിലെ ദൗത്യം അവന്റെ സുവിശേഷവുമായി *ലോകത്തിലേക്ക്* ഇറങ്ങുക എന്നതാണ്. ലോകത്തോടുള്ള നമ്മുടെ ബന്ധം നിസ്സാരമല്ല, എന്നാൽ തന്റെ ക്രൂശീകരണവുമായ ബന്ധത്തിലെ പ്രാർത്ഥന ആ വിഷമ പ്രശ്നം പരിഹരിക്കുന്നതിനു വ്യക്തത നല്കുന്നു.

തനിക്കു സംഭവിക്കുവാനിരിക്കുന്നതു അറിഞ്ഞു, യേശു തന്റെ അനുയായികൾക്കുവേണ്ടി പ്രാർത്ഥിച്ചു. ആ പറയുന്നതു യേശുവിന്റെ ഹൃദയത്തെയല്ലേ വ്യക്തമാക്കുന്നത്? അതു ഇന്നു നമ്മോടുള്ള അവന്റെ കരുതലിനെക്കുറിച്ചു എന്തു പറയുന്നു?

## "അവരെല്ലാം ഒന്നാകേണ്ടതിന്നു"
## (17:20-24)

വാക്യം 20 തുടങ്ങുന്നതോടുകൂടെ, യേശുവിന്റെ കരുതൽ പന്തിരുവരിൽ നിന്നപ്പുറം കടക്കുന്നു (ആ സമയത്ത് പതിനൊന്നുപേർ!) "ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കുവേണ്ടിയും" (17:20). നാം യോഹന്നാന്റെ സുവിശേഷത്തിൽ "വിശ്വാസം"

എന്ന വാക്കിൽ നിന്നകന്നു പോകരുത്. സുവിശേഷത്തിന്റെ ഉദ്ദേശം തന്നെ വിശ്വാസം ആണ് (20:30, 31) യേശുവിന്റെ ഹൃദയത്തിൽ ഉടനീളം വലിയ വിചാരം ഉണ്ടായിരുന്നതും അതിനായിരുന്നു. അപ്പൊസ്തലന്മാരുടെ വചനത്താൽ വിശ്വസിക്കുന്നവരിൽ നാമും ഉൾപ്പെടുന്നു! തന്റെ ഇരുണ്ട നാഴികയിൽ യേശു നിങ്ങൾക്കും എനിക്കും വേണ്ടി പ്രാർത്ഥിച്ചു!

നാം "ഒന്നായി" തീരേണ്ടതിനായിരുന്നു യേശു നമുക്കുവേണ്ടി പ്രാർത്ഥിച്ചത്. ഈ പ്രാർത്ഥനയിൽ യേശു നാലുപ്രാവശ്യം നാം "ഒന്നാകേണ്ടതിനു" പ്രാർത്ഥിക്കുന്നുണ്ട്. പലപ്പോഴും ഇതിനെ വിചാരിച്ചിട്ടുള്ളത്, "ഒന്നാകുക" എന്നാൽ ക്രിസ്ത്യാനികൾ കലഹിക്കാതെ അന്യോന്യം "യോജിച്ച്" പോകുകയും സമാധാനം ആചരിക്കുകയും എന്നതാണ്. എങ്ങനെയായാലും, യേശു പ്രാർത്ഥിച്ച ഒന്ന് ഇതിനേക്കാൾ വലുതാണ്. വാസ്തവത്തിലുള്ള ഏകത്വം ആണ് പിതാവും പുത്രനും പ്രദർശിപ്പിച്ചത് (17:21). പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ നാം ഒന്നാകണമെന്നാണ് യേശു ആഗ്രഹിച്ചത് (17:23). പിതാവും പുത്രനും യോജിച്ചിരിക്കുന്നതിൽ നിന്നാണ് ക്രിസ്തീയ ഐക്യത വരുന്നത്, അതു ഊഷ്മളവും നാം ചെയ്തതു ചെയ്തവരുമായി യോജിക്കുക എന്നതാണ്. ഈ കാലയളവിൽ പറഞ്ഞു കേൾക്കാറുള്ളത്, ഒന്ന് എന്നതു ആത്മീയ "കൂട്ടങ്ങളുടെ പിടി" ആണ്, അതിൽ പിതാവും, പുത്രനും എല്ലാ ക്രിസ്ത്യാനികളും ഉൾപ്പെടുന്നു.

യേശു പ്രാർത്ഥിച്ച പ്രാർത്ഥനയിലെ ഒന്നാകൽ കുടുംബ ബന്ധങ്ങളായി ചിത്രീകരിക്കാം. തുറന്ന പോരാട്ടത്തിലേർപ്പെടാത്ത, അല്പം മാത്രം അടുത്തിരിക്കയും ആശയവിനിമയം ഒന്നും നടത്താതെയുമിരിക്കുന്ന കുടുംബത്തെ നിങ്ങൾ കണ്ടിട്ടുണ്ടോ? അതിനു വിപരീതമായി ചിലപ്പോഴൊക്കെ വിയോജിപ്പു ഉണ്ടെങ്കിലും, ഏറ്റവും അടുത്ത ബന്ധവും ആശയവിനിമയവും പുലർത്തുന്നവരായ ഒരു കുടുംബത്തെ നിങ്ങൾ കണ്ടിട്ടുണ്ടോ? ഏതു കുടുംബമാണ് സഭയെപോലെ ഇരിക്കുന്നത്? ഏകത്വം മാതൃകയാകുന്ന ഭവനം ഏതാണ്? അതു ഏറ്റവും അടുപ്പമുള്ള ബന്ധമുള്ളവർക്ക് തീർച്ചയായും, പോരാട്ടം ഉണ്ടെങ്കിലും, ഏറ്റവും അടുപ്പമുള്ള കുടുംബം ആണ് വേണ്ടത്. ഇതു, ഞാൻ വിശ്വസിക്കുന്നതു, യേശു പ്രാർത്ഥിച്ച പ്രാർത്ഥനയിൽ ഉള്ള ബന്ധം, ഇന്നു ക്രിസ്ത്യാനികളായ നമുക്കുവേണ്ടിയും കൂടെ ആണ്.

നാം കർത്തൃമേശക്കായി ഒത്തുചേരുമ്പോൾ നാം ക്രിസ്തുവിലുള്ള ഐക്യം ആഘോഷിക്കുകയാണ്. നമ്മുടെ ഐക്യത തീർച്ചയായും പൂർണ്ണമല്ല. ചിലപ്പോൾ അടുത്ത ബന്ധമുള്ള കുടുംബങ്ങൾ ചെയ്യുന്നതുപോലെ നാം കലഹിക്കും. എന്നിരുന്നാലും, നാം അന്യോന്യം സമർപ്പിക്കപ്പെടുകയും, സ്നേഹിക്കുകയും, പിതാവിലും പുത്രനിലും നാം ഒന്നാകുകയും ചെയ്യും. കർത്തൃമേശയിൽ നാം ക്രൂശിലേക്കു മടങ്ങിവരുന്നു. അവിടെ നാം പിതാവിനോടു കൂടുതൽ "ഒന്നാകുന്നു," യേശുവിനോടുകൂടെ "ഒന്നാകുന്നു," സഭയിൽ നമ്മുടെ സഹോദരിസഹോദരന്മാരോടും "ഒന്നാകുന്നു."

## "ഞാൻ നിന്റെ നാമം വെളിപ്പെടുത്തി"
## (17:25, 26)

യേശുവിന്റെ പ്രാർത്ഥനയിൽ, അവൻ ഒരിക്കൽ കൂടെ പിതാവിന്റെ നാമത്താൽ സംബോധന ചെയ്യുന്നു (17:25). ലോകം പിതാവിനെ അറിഞ്ഞില്ല, എന്നാൽ താൻ അറിഞ്ഞിരുന്നു എന്നു യേശു വ്യക്തമാക്കി. തന്റെ ശുശ്രൂഷ നിമിത്തം, അവൻ തുടർന്നുപറഞ്ഞു, പിതാവു പുത്രനെ അയച്ചു എന്നു ശിഷ്യന്മാർ അറിഞ്ഞു (14:26). മുൻപു യേശു ഫിലിപ്പൊസിനോടു പറഞ്ഞതുപോലെ, "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" (14:9). പിന്നെ, പ്രാർത്ഥനക്കു മുൻപു ശിഷ്യന്മാർ യേശുവിനോടു പറഞ്ഞു, "നീ ദൈവത്തിൽ നിന്നുവന്നു എന്നു ഞങ്ങൾ അറിയുന്നു" (16:30).

അങ്ങനെ പിതാവിന്റെ ജ്ഞാനം യേശുവിൽ നിന്നു ശിഷ്യന്മാരിലേക്കു മാറ്റി. യേശുവിന്റെ അവസാനപ്രാർത്ഥന പിതാവിന്നു പുത്രനോടുള്ള സ്നേഹവും ശിഷ്യന്മാരിലേക്കുപകരണം എന്നായിരുന്നു. ക്രൂശിനു മുൻപിലത്തെ രാത്രിയിൽ യേശുവിന്റെ പ്രാർത്ഥനയിൽ സുവിശേഷം പിതാവിൽ നിന്നു യേശുവിലേക്കും യേശുവിൽനിന്നു ശിഷ്യന്മാരിലേക്കും ശിഷ്യന്മാരിൽനിന്നു ലോകത്തിലേക്കും കൈമാറി. അന്നു വൈകുന്നേരം അതു അവന്റെ ഹൃദയത്തിൽ നിറഞ്ഞിരുന്നു, തീർച്ചയായും അതു തന്റെ ഹൃദയത്തിൽ ഇന്നുമുണ്ട്! പിതാവിനോടുള്ള "ഏകത്വം" എന്നതിന്റെ സന്തോഷം അവൻ അറിയുകയും, പിതാവിനോടും പുത്രനോടും ഉള്ള "ഏകത്വത്തിന്റെ" സന്തോഷം ലോകം അറിയുവാൻ അവൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

---

കുറിപ്പുകൾ

[1]മത്തായി 6:9-13-ൽ ഉള്ള മാതൃകാപ്രാർത്ഥനയെ പൊതുവിൽ "കർത്താവിന്റെ പ്രാർത്ഥന" എന്നു വിളിക്കുന്നു. [2]2:4; 7:6, 8, 30. പിന്നീടു എങ്ങനെ നാഴിക വന്നു എന്നു അവൻ പറഞ്ഞു: 12:23, 27; 13:1; 16:32.

© 2009 Truth for Today